**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393

തീയതി. 27.08.2025

# പെൻഷൻ ഫണ്ടിൽ തിരിമറി നടത്തി ഒളിവിൽ പോയിരുന്ന കോട്ടയം മുനിസിപ്പാലിറ്റിയിലെ മുൻ ക്ലർക്കിനെ വിജിലൻസ് അറസ്റ്റ് ചെയ്തു.

2020-2024 കാലഘട്ടത്തിൽ കോട്ടയം മുനിസിപ്പാലിറ്റിയിലെ പെൻഷൻ ഫണ്ടിൽ വ്യാജ രേഖ ചമച്ച് പലതവണകളായി 2,39,55,040/-രൂപ വെട്ടിച്ചതിന് കോട്ടയം വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത കേസ്സിൽ ഒളിവിൽ കഴിഞ്ഞിരുന്ന കോട്ടയം മുനിസിപ്പാലിറ്റി മുൻ എൽ.ഡി.ക്ലർക്കായിരുന്ന കൊല്ലം തേവള്ളി സ്വദേശി അഖിൽ.സി.വർഗീസിനെ വിജിലൻസ് ഇന്ന് (27.08.2025) അറസ്റ്റ് ചെയ്തു.

കോട്ടയം മുനിസിപ്പാലിറ്റിയിലെ പെൻഷൻ സെക്ഷനിൽ ലോവർ ഡിവിഷൻ ക്ലർക്കായിരുന്ന അഖിൽ.സി.വർഗ്ഗീസ്, കോട്ടയം മുനിസിപ്പാലിറ്റിയിലെ റെഗുലർ പെൻഷൻ, ഫാമിലി പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ കൃത്രിമ രേഖ ചമച്ച് അഖിൽ.സി.വർഗ്ഗീസിന്റെ അമ്മയുടെ പേര് വ്യാജമായി പെൻഷൻ ലിസ്റ്റിൽ എഴുതി ചേർത്ത് മുൻസിപ്പാലിറ്റിയുടെ പെൻഷൻ അക്കൗണ്ടിൽ നിന്നും അമ്മയുടെ പേരിൽ കൊല്ലം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മെയിൻ ബ്രാഞ്ചിൽ തുടങ്ങിയ അക്കൗണ്ടിലേക്ക് പലതവണകളായി 2,39,55,040/-രൂപ ട്രാൻസ്ഫർ ചെയ്ത ശേഷം അക്കൗണ്ടിൽ നിന്നും പിൻവലിച്ചെടുത്തിരുന്നു. അഖിൽ.സി.വർഗ്ഗീസ് കോട്ടയം മുനിസിപ്പാലിറ്റിയിൽ ജോലി നോക്കിയിരുന്ന 2020 മുതൽ 2023 വരെയും അവിടെ നിന്നും വൈക്കം മുനിസിപ്പാലിറ്റിയിലെക്ക് ട്രാൻസ്ഫറായി പോയതിന് ശേഷം പകരം വന്ന ഉദ്യോഗസ്ഥയെ സഹായിക്കാനെന്ന വ്യാജേന ചില ദിവസങ്ങളിൽ മുനിസിപ്പാലിറ്റി ഓഫീസിൽ തിരികെ വന്നുമാണ് തിരിമറി നടത്തിയിരുന്നത്. കോട്ടയം മുനിസിപ്പാലിറ്റിക്ക് 2,39,55,040/-രൂപ നഷ്ടം വരുത്തിയതിന് 2025 ജനുവരി മാസം കോട്ടയം വിജിലൻസ് യൂണിറ്റ് ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഈ കേസിൽ ഒളിവിൽ കഴിഞ്ഞിരുന്ന അഖിൽ.സി.വർഗ്ഗീസിനെ വിജിലൻസ് സംഘം ഇന്ന് (27.08.2025) കൊല്ലത്തുള്ള ഒരു സ്വകാര്യ ലോഡ്ജിൽ നിന്നും അറസ്റ്റ് ചെയ്തു. അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.